# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2805      14/02/2013-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവിഭാഗക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ വിഭാഗക്കാരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ | 2011 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ശേഖരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 10517 ഭൂരഹിത കുടുംബങ്ങൾ ഉള്ളതായി കണക്കാക്കുന്നു. (ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന സംസ്ഥാനത്തെ 6800 കുടുംബങ്ങൾക്ക് ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി നൽകിയതിനുശേഷമുള്ള ഭൂരഹിതരുടെ കണക്കാണിത്). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ള വയനാട് ജില്ലയിൽ നിലവിലുള്ള ഭൂരഹിത കുടുംബങ്ങളുടെ പരിശോധന നടന്നു വരികയാണ്. |

**ജില്ല തിരിച്ചുള്ള ഭൂരഹിതരുടെ കണക്ക്**

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 76 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 212 |
| 5 | കോട്ടയം | 206 |
| 6 | ഇടുക്കി | 453 |
| 7 | എറണാകുളം | 194 |
| 8 | തൃശ്ശൂർ | 74 |
| 9 | പാലക്കാട് | 1826 |
| 10 | മലപ്പുറം | 733 |
| 11 | കോഴിക്കോട് | 301 |
| 12 | വയനാട് | 4913 |
| 13 | കണ്ണൂർ | 170 |
| 14 | കാസർഗോഡ് | 1215 |
| | **ആകെ** | **10517** |

| | | | |
|---|---|---|---|
| ബി | ഇത്രയും പേർക്ക് ഭൂമി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ബി | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കാനുള്ള പദ്ധതി പ്രവർത്തനങ്ങൾ തുടർന്ന് വരികയാണ്. ടി മിഷൻ രൂപീകരിക്കുന്ന വേളയിൽ 4 ഘട്ടങ്ങളിലായുള്ള പുനരധിവാസ പരിപാടികളാണ് നിശ്ചയിച്ചിരുന്നത്. അതിൽ ഒന്നാം ഘട്ടമായിരുന്ന 'ലഭ്യമായ റവന്യൂ ഭൂമിയുടേയും നിയമ തടസങ്ങളില്ലാത്ത മറ്റു ഭൂമികളുടെയും വിതരണം', രണ്ടാം ഘട്ടമായ 'വകുപ്പുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും പക്കൽ നിന്ന് ലഭ്യമാകുന്ന ഭൂമിയുടെ വിതരണം' എന്നിവ ഏറെക്കുറെ ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു. അപ്രകാരം സംസ്ഥാനത്തെ 6800 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് 8966.34 ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്തു കഴിഞ്ഞു. മൂന്നും, നാലും ഘട്ടങ്ങളിലുള്ള ഭൂമി വിതരണ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ള വയനാട് ജില്ലയിൽ ഭൂമി വാങ്ങി നൽകുന്നതിന് വയനാട് ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന് 50 കോടി രൂപ ഇതിനകം കൈമാറിയിട്ടുണ്ട്. വയനാട് ജില്ലയിൽ സ്വകാര്യ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ആറളം ഫാമിൽ ഇനിയും വിതരണത്തിന് അവശേഷിക്കുന്ന ഭൂമി സർവ്വെ ചെയ്യുന്നതിനും വയനാട് ജില്ലയിൽ നിന്നുള്ള ഭൂരഹിത ആദിവാസികൾക്ക് വിതരണം നടത്തുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. വയനാട് ജില്ലയിൽ ലഭ്യമായ നിക്ഷിപ്ത വനഭൂമി 1999 ലെ ആദിവാസി (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും) ഭൂ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് നൽകുന്നതിന് സർവ്വെ നടപടികൾ ലാന്റ് റവന്യൂ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**